# ബാങ്ക്ദേശസാൽക്കരണത്തിന്റെ 33വർഷം ഉദാരവത്കരണത്തിന്റെ ചതിക്കുഴികളിലേക്ക്

**അശോകൻ ഞാറയ്ക്കൽ**

33 വർഷം മുമ്പ് ഇന്ദിരാഗാന്ധി ബാങ്കുകളെ ദേശസാൽക്കരിച്ചപ്പോൾ തന്നെ അതിനെതിരായി ഇന്ത്യൻ വലതുപക്ഷം ശബ്ദമുയർത്തിയിരുന്നു. അവരുടെ പിന്തുടർച്ചക്കാരാണ് ഇന്നത്തെ ബാങ്കിംഗ് ഉദാരവൽക്കരണവാദികൾ. ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ നേരിടുന്ന കുഴപ്പങ്ങൾക്കെല്ലാം കാരണം രാഷ്ട്രീയ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വ ഇടപെടലുകളാണെന്നും അതെല്ലാം ഒഴിവാക്കി കമ്പോളനിയമങ്ങൾക്കനുസരിച്ച് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചാൽ ബാങ്കുകളുടേയും സമ്പദ്‌വ്യവസ്ഥകളുടേയും ആരോഗ്യം മെച്ചപ്പെടുമത്രെ. പക്ഷേ, 1991നു ശേഷം ബാങ്കിംഗ് രംഗത്തും സമ്പദ്‌വ്യവസ്ഥയിലും ഉദാരവൽക്കരണ പ്രവണതകൾ ശക്തിപ്പെട്ടതോടുകൂടി യഥാർത്ഥത്തിൽ കള്ളപ്പണത്തിന്റെ അഴിഞ്ഞാട്ടം ശക്തിപ്പെടുകയാണുണ്ടായത്. സർവത്ര സ്വതന്ത്രമായി അഴിഞ്ഞാടുന്ന ഈ കള്ളപ്പണമാണ് ഒന്നിനു പുറകേ ഒന്നായി അരങ്ങേറുന്ന സാമ്പത്തിക കുംഭകോണങ്ങൾക്കും കാരണം. പല ദേശവിരുദ്ധപ്രവർത്തനങ്ങളുടേയും സാമ്പത്തികാടിസ്ഥാനം മറ്റൊന്നല്ല എന്നാണ് ബെഫി ഒരു പ്രസ്താവനയിൽ പറയുന്നത്. വ്യാജനാമങ്ങളിൽ കേരളത്തിലേക്ക് 336 കോടി രൂപ ഒഴുകാൻ കാരണമായത് ബാങ്കിംഗ് രംഗത്തെ ഉദാരവൽക്കരണമാണെന്ന ബെഫിയുടെ വാദം ശരിയാണ്.

ദേശവിദേശ ശക്തികളും കുംഭകോണക്കാരും അഴിഞ്ഞാടുമ്പോഴും ഉദാരവൽക്കരണത്തിന്റെ പിന്തുണക്കാരായ ബിസിനസ്സുകാർ ഉദാരവൽക്കരണത്തിന്റെ അനിശ്ചിതത്വം മുതലെടുത്ത് അഴിമതിക്കാരായ ബാങ്കുമേധാവികളുമായി ചേർന്ന് ബാങ്കുകളിലെ പൊതുജന നിക്ഷേപം സ്വന്തം കീശയിലാക്കുകയാണ്. ഇതിന് ഏറ്റവും വലിയ തെളിവ് ബാങ്കുകളിലെ കിട്ടാക്കടം പിരിച്ചെടുക്കാനായി യുക്തമായ എല്ലാ നടപടികളും എടുക്കാനുള്ള പരമാധികാരം ബാങ്കുകൾക്ക് നൽകിക്കൊണ്ട് റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവിനെതിരായി ഇന്ത്യൻ മുതലാളിത്ത സംഘടനയായ ഫിക്കി പുറപ്പെടുവിച്ച പ്രസ്താവനയാണ്. ജൂലൈ 4ന് ഫിക്കി പ്രസിഡന്റ് ലോധ ചെന്നൈയിൽ പുറപ്പെടുവിച്ച പ്രസ്താവനയിൽ പറയുന്നത് റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ കടം തിരിച്ചടക്കുന്നതിൽ മനപൂർവ്വം വീഴ്ച വരുത്തിയവരേയും പ്രതികൂല ബിസിനസ്സ് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം വീഴ്ചവരുത്തിയവരേയും തമ്മിൽ വേർതിരിച്ചു കാണുന്നില്ല എന്നാണ്.

സർവതന്ത്രസ്വതന്ത്രമായ കമ്പോളത്തിനു വേണ്ടി വാദിച്ചിരുന്ന ഫിക്കി തന്നെ തങ്ങളുടെ സ്വന്തം കാര്യം വന്നപ്പോൾ കമ്പോളനിയമങ്ങൾ കാറ്റിൽ പറത്താൻ ആവശ്യപ്പെടുകയാണ്. കമ്പോളമൗലീകവാദത്തിന്റെ അസംബന്ധം തുറന്നുകാണിക്കുന്ന ഒന്ന് എന്ന നിലയിൽ ഈ പ്രസ്താവന സ്വാഗതാർഹമാണ്. എങ്കിലും മറ്റൊരു വിധത്തിൽ ഇത് അരാജകത്വത്തിലേക്കുള്ള ചവിട്ടുപടിയാണ്. ഉദാഹരണത്തിന് തങ്ങളുടേതല്ലാത്ത കാരണങ്ങൾ മൂലം കടം തിരിച്ചടക്കാൻ കഴിയാതെ വരുന്ന കൃഷിക്കാരും ബിസിനസ്സുകാരും വലിപ്പച്ചെറുപ്പഭേദമില്ലാതെ ഈ വാദഗതി മുന്നോട്ടുവച്ചാൽ നമ്മുടെ ബാങ്കുകളും ബാങ്കിംഗ് സംവിധാനവും അപ്പാടെ തകർന്നടിയും. മനപൂർവ്വം വീഴ്ചവരുത്തിയവരുടെ സ്വത്ത് മാത്രം ജപ്തി ചെയ്താൽ മതി എന്ന് ആവശ്യപ്പെട്ടാൽ ബാങ്കിന്റെ വായ്പ തിരിച്ചടവ് അവതാളത്തിലാകും.

യഥാർത്ഥത്തിൽ ഇന്ന് ഉയർന്നുവരുന്ന സാമ്പത്തികതകർച്ചയുടെ അന്തരീക്ഷം ഇത്തരം ചോദ്യങ്ങൾ അതിവേഗം ഉയർത്തിക്കൊണ്ടുവരികയാണ്. ബാങ്ക് ജീവനക്കാരുടേയും ബാങ്കുകളുടെ ആരോഗ്യകരമായ നിലനില്പ് ആഗ്രഹിക്കുന്നവരുടേയും ശ്രദ്ധ ഈ പ്രശ്നങ്ങളിലേക്ക് അടിയന്തിരമായി കേന്ദ്രീകരിക്കേണ്ടതുണ്ട്. കാരണം ബാങ്കുകൾ തകർന്നാൽ ബ്ലേഡുകൾ വളരും. ബ്ലേഡുകളോടൊപ്പം മാഫിയയും ഗുണ്ടായിസവും തലപൊക്കും.

**മനപൂർവ്വം വീഴ്ചവരുത്തിയവരുടെ സ്വത്ത് മാത്രം ജപ്തി ചെയ്താൽ മതി എന്ന് ആവശ്യപ്പെട്ടാൽ ബാങ്കിന്റെ വായ്പ തിരിച്ചടവ് അവതാളത്തിലാകും. നമ്മുടെ ബാങ്കുകളും ബാങ്കിംഗ് സംവിധാനവും അപ്പാടെ തകർന്നടിയും.**